പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2242 — 15.07.2011 - ൽ മറുപടിക്ക്

## പറവൂർ നഗരസഭയിലെ സുനാമി പുനരധിവാസ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. വി.ഡി. സതീശൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യൂ വകുപ്പ് മന്ത്രി) |
| (എ) | പറവൂർ നഗരസഭയിലെ സുനാമി പുനരധിവാസ പദ്ധതിയിൽ (ടി.ആർ.പി) ഉൾപ്പെടുത്തി എത്ര കുടുംബങ്ങൾക്ക് താമസിക്കുവാനുള്ള ഫ്ളാറ്റുകളാണ് നിർമ്മിച്ചതെന്നും ആയതിന്റെ ആകെ മുതൽ മുടക്ക് എത്രയാണെന്നും അറിയിക്കുമോ ; | (എ) | പറവൂർ നഗരസഭയിൽപ്പെട്ട പറവൂർ വില്ലേജിൽ പൂക്കൈത എന്ന സൈറ്റിൽ ടി.ആർ.പി. പദ്ധതി പ്രകാരം 248 കുടുംബങ്ങൾക്ക് താമസിക്കുവാനുള്ള ഫ്ളാറ്റുകളാണ് നിർമ്മിച്ചിട്ടുള്ളത്. ടി പദ്ധതിയുടെ മുതൽമുടക്ക് ആകെ 7.93,81,802/- രൂപയാണ്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം എത്രയെണ്ണം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇനി പൂർത്തീകരിക്കുവാനുള്ളത് എവിടെയാണെന്നുമുള്ള വിശദാംശം വെളിപ്പെടുത്തുമോ ; | (ബി) | പറവൂർ നഗരസഭ പരിധിയിൽ പൂക്കൈത, കല്ലുകുന്ന് എന്നീ സൈറ്റുകളിലാണ് വീടുകൾ നിർമ്മിക്കുന്നത്. ഇതിൽ പൂക്കൈത ഭവന പദ്ധതി പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. കല്ലുകുന്ന് സൈറ്റിലെ ഭവന പദ്ധതി പൂർത്തീകരണ അവസാനഘട്ടത്തിലാണ്. |
| (സി) | ശേഷിക്കുന്ന നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ; | (സി) | 16/08/2011-ലാണ് കല്ലുകുന്ന് സൈറ്റിലെ ഭവന പദ്ധതിയുടെ ഉദ്ഘാടനം സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത തീയതിയിൽ പദ്ധതി ഉദ്ഘാടനം നടത്തുന്ന തരത്തിൽ പ്രവൃത്തികൾ ത്വരിതപ്പെടുത്താൻ നിർമ്മാണം നടത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഹാബിറ്റാറ്റ് എന്ന ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | ഇത്തരത്തിൽ നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികളും തുടർന്നുള്ള അനുബന്ധ ജോലികളും ഏത് ഏജൻസി വഴിയാണ് നടപ്പാക്കുന്നതെന്നും അതിനുള്ള തുക ആരാണ് നൽകുന്നതെന്നും അറിയിക്കുമോ ? | (ഡി) | സുനാമി പുനരധിവാസ പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും അതാത് ഹൗസിംഗ് സൈറ്റുകളിൽ അസോസിയേഷനുകൾ രൂപീകരിക്കുന്നതിനും അതാത് ഏജൻസികളുടെ സഹകരണം ഉറപ്പാക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കേണ്ടതാണെന്ന നിർദ്ദേശം എല്ലാ ജില്ലാ കളക്ടർമാർക്കും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ